**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5584** **24/05/2017-ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും പനി ക്ലിനിക്കുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ച് അതനുസരിച്ച് ജില്ലകളിൽ പ്രവർത്തനം നടത്താൻ നിർദ്ദേശിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും, ആരോഗ്യവകുപ്പും സംയുക്തമായി ശുചീകരണ, കൊതുക് നശീകരണ ഉറവിട നശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. ഇതു സംബന്ധിച്ച് വീഡിയോ കോൺഫറൻസ്, സംസ്ഥാന, ജില്ലാ തല ശില്പശാലകൾ പഞ്ചായത്ത് തല സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ സർവ്വെ, ശുചിത്വമാപ്പിംഗ് തുടങ്ങിയവയും വീടുകളിലും സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും മറ്റും ശുചീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. |
| ബി) എല്ലാ താലൂക്ക് ആശുപത്രികളിലും പനി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | ബി) ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഒരു ഡോക്ടർ പനി ബാധിച്ചവരെ മാത്രം ചികിത്സിച്ചുകൊണ്ട് പനി ക്ലിനിക്കുകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ